INSTITUTE OF PARLIAMENTARY AFFAIRS GOVERNMENT OF KERALA

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

കേരളം സർക്കാർ

ബിൽഡിംഗ് നമ്പർ -32, ശാന്തി നഗർ, തിരുവനന്തപുരം-695001

ഫോൺ **-0471 2339266/2331080,** ഇ-മെയിൽ: **mail.inpa@gmail.com**

2026-27 അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും ഏകദിന/ദ്വിദിന ദേശീയ സെമിനാറുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2026-27 അധ്യയന വർഷം കേരളത്തിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും ഏകദിന/ദ്വിദിന ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.

പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ

1. സെമിനാർ നടത്തുന്നതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുക്കാവുന്നതാണ്.
    1. **ജനാധിപത്യം, മതനിരപേക്ഷത, സമത്വം**
    2. **ജനാധിപത്യവും ഭരണഘടനയും സംരക്ഷിക്കുന്നതിൽ കോടതികളുടെയും മാധ്യമങ്ങളുടെയും പങ്ക്**
    3. **പാർലമെന്ററി സംവിധാനവും തെരഞ്ഞെടുപ്പുകളും**
    4. **തദ്ദേശ ഭരണവും ജനാധിപത്യവും**
    5. **ഭരണഘടന , സദ്ഭരണം, പൗരശാക്തീകരണം**
    6. **യുവതയും പാർലമെന്ററി ജനാധിപത്യവും**
    7. **ലിംഗനീതി, ലിംഗസമത്വം – സമകാലിക വെല്ലുവിളികൾ**
2. അക്കാദമിക കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷം സെമിനാർ സംഘടിപ്പിക്കുവാനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ **(www.ipaffairs.org)** പ്രസിദ്ധീകരിക്കുന്നതാണ്.
3. സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച എല്ലാ വിഷയ വിദഗ്ധരുടെയും ലേഖനങ്ങൾ നിശ്ചിത മാതൃകയിൽ **(APA 7th, Word limit between 4000 & 5000)** സ്ഥാപന മേധാവി/സെമിനാർ കോ-ഓർഡിനേറ്റർ അന്തിമ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്.
4. എല്ലാ വിഷയ വിദഗ്ധരുടെയും നിശ്ചിത മാതൃകയിലുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ സ്ഥാപനങ്ങൾക്കുള്ള അന്തിമ ഫണ്ട് അനുവദിക്കുകയുള്ളൂ.

5. ഏകദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 25,000/-രൂപയും ദ്വിദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 50,000/-രൂപയും ആയിരിക്കും.

6. സെമിനാർ സംഘടിപ്പിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യപ്പെടുന്ന പക്ഷം 40 ശതമാനം വരെ സെമിനാർ ഫണ്ട് മുൻകൂറായി നല്കുന്നതാണ്. ബാക്കി തുക അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം അനുവദിക്കുന്നതാണ്.

7. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് സെമിനാർ നടത്തിപ്പിനെ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

8. സെമിനാർ പ്രപ്പോസലിനെ അടിസ്ഥാനമാക്കി, ഏകദിന/ദ്വിദിന സെമിനാറുകൾക്ക് ഓരോ ജില്ലയിൽ നിന്നും പരമാവധി രണ്ട് വീതം സ്ഥാപനങ്ങളെ മാത്രമായിരിക്കും തെരഞ്ഞെടുക്കുന്നത്.

9. 2027 ഫെബ്രുവരി 26 നകം സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.

10. ഒരു അധ്യാപകൻ/അധ്യാപികയെ സെമിനാർ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത കോ-ഓർഡിനേറ്ററുടെ വിശദാംശങ്ങൾ, സെമിനാർ വിഷയം, പ്രസക്തി, സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി, സെമിനാറിൽ പങ്കെടുക്കുമെന്ന് ഉറപ്പ് ലഭിച്ച അക്കാദമിക വിദഗ്ധരുടെ വിശദാംശങ്ങൾ എന്നിവ അടങ്ങിയ 4 പേജിൽ കവിയാത്ത പ്രൊപ്പോസൽ 2026 നവംബർ 21-ന് വൈകിട്ട് 5 മണിക്ക് മുൻപായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഹാർഡ് കോപ്പി ഇൻസ്റ്റിറ്റ്യൂട്ടിന് നല്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഡോ. ജുവൽ ജോൺ ആലപ്പാട്ട്
ഡയറക്ടർ ജനറൽ

വിശദാംശങ്ങൾക്ക്:
ഡോ.ഗോപികൃഷ്ണ സി.വി (റിസർച്ച് ഫെലോ)
Ph. 8907418831